©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2020 നവംബർ 09<br>09th November 2020<br>1196 തുലാം 24<br>24th Thulam 1196<br>1942 കാർത്തികം 18<br>18th Karthika 1942 | നമ്പർ<br>No. | 2719 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:284/2020/സം.തി.ക തീയതി, തിരുവനന്തപുരം, 2020 നവംബർ 09

മുനിസിപ്പാലിറ്റികളിലേയ്ക്ക് 2020-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ഓരോ മുനിസിപ്പാലിറ്റികളിലും പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ളത്രയും എണ്ണം സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏതു വാർഡിനാണ് നൽകേണ്ടതെന്ന് 2020 സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 01 വരെ തീയതികളിൽ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് അതത് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരെ അധികാരപ്പെടുത്തിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 216/2020/സം.തി.ക നമ്പരായി 15.09.2020 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരമുള്ള പ്രക്രിയ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ പൂർത്തീകരിച്ചിരുന്നു. എന്നാൽ സംവരണ വാർഡുകൾ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുവാനും അപ്രകാരം നിശ്ചയിക്കുമ്പോൾ രണ്ടു പ്രാവശ്യം തുടർച്ചയായി സംവരണം വന്ന വാർഡുകളെ നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കുവാനും ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) No.21821/2020 കേസ്സിലെ ലെ 04.11.2020 വിധിന്യായത്തിലും

WP(C)No.17689/2020, WP(C)No.21941/2020 എന്നീ കേസ്സുകളിലെ 09.11.2020 ലെ വിധിന്യായത്തിലൂടെയും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കോടതി വിധിയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലാ മുനിസിപ്പാലിറ്റിയിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് കൊല്ലത്തെ ടി.എം.വർഗ്ഗീസ് സ്മാരക ഗ്രന്ഥശാലാ ഹാളിലും, കോതമംഗലം മുനിസിപ്പാലിറ്റിയിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിലും മലപ്പുറം മുനിസിപ്പാലിറ്റിയിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് കോഴിക്കോട് ടൗൺ ഹാൾ മാനാഞ്ചിറയിലും 11.11.2020 തീയതിയിൽ രാവിലെ 11.30 മണിക്ക് നടത്താൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ അതത് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 6-)0 വകുപ്പ് 9 ഉപവകുപ്പ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**വി. ഭാസ്കരൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.09 11:33:48 +05:30